# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 49          28.06.2016- ൽ മറുപടിയ്ക്ക്

### വിദേശ ജയിലുകളിൽ കിടക്കുന്ന മലയാളികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) വിദേശ രാജ്യങ്ങളിൽ കേസുകളിൽ ഉൾപ്പെട്ട് എത്ര മലയാളികൾ വിദേശ ജയിലുകളിൽ കിടക്കുന്നതായി അറിയാമോ; | എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാനങ്ങൾ അടിസ്ഥാനമാക്കി സൂക്ഷിക്കുന്നില്ല എന്നതിനാൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് നിലവിൽ ലഭ്യമല്ല.<br>വിവിധ എംബസികളിൽ നിന്നും 2014-ൽ ശേഖരിച്ച വിവരം അനുസരിച്ച് 1818-ലേറെ ഇന്ത്യാക്കാർ വിദേശ ജയിലുകളിൽ കഴിയുന്നുണ്ട്. |
| ബി) വിദേശത്തുനിന്ന് അപ്രത്യക്ഷരായ മലയാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | ബി) വിദേശത്തു നിന്നും അപ്രത്യക്ഷരായ മലയാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് നിലവിൽ പ്രത്യേകം കണക്കാക്കി സൂക്ഷിച്ചിട്ടില്ല. |

✓

സെക്ഷൻ ഓഫീസർ